# വചനത്തിൽ പരിജ്ഞാനപൂർണ്ണരാകുവിൻ

## മത്തായി 4:5-6

"പിന്നെ പിശാച് അവനെ വിശുദ്ധ നഗരത്തിൽ കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി അവനോട് നീ ദൈവപുത്രൻ എങ്കിൽ താഴത്തോട്ടു ചാടുക"

വലിയവനാകുവാനും പ്രശസ്തനാകുവാനുമുള്ള അന്തർദാഹത്തെ മനസ്സിലാക്കി, പിശാച് അനേക ആത്മീയ സഹോദരങ്ങളെ, അങ്ങനെയുള്ള സ്ഥാനങ്ങളിലേക്ക് ആകർഷിച്ച് ദൈവകൃപയിൽ നിന്നും അകറ്റി കളയുന്നു. നാൽപ്പതു ദിനരാത്രങ്ങൾ ഉപവസിച്ച കർത്താവിനെ തോൽപ്പിക്കുവാനുള്ള, സാത്താന്റെ ആദ്യപരീക്ഷണത്തെ തിരുവചനം ഉപയോഗിച്ച് കർത്താവ് തകർത്തപ്പോൾ, സാത്താൻ തിരുവചനം ഉപയോഗിച്ച് തന്നെ വീണ്ടും കർത്താവിനെ പരീക്ഷിക്കുന്നു.

വളരെയധികം ഉയരമുള്ള യെരുശലേം ദേവാലയ ഗോപുരത്തിന്റെ അഗ്രത്തുനിന്നും കർത്താവ് താഴേയ്ക്ക് ചാടി, യാതൊരു പരുക്കുമില്ലാതെ താഴെയെത്തിയാൽ അവിടെ കൂടിയിരിക്കുന്ന നൂറുകണക്കിനാളുകൾ അവൻ ദൈവപുത്രൻ എന്ന് ക്ഷണത്തിൽ അംഗീകരിക്കുമെന്നതിനാൽ 'നീ ദൈവപുത്രൻ എങ്കിൽ താഴേയ്ക്ക് ചാടുക' എന്ന് പറഞ്ഞ് കർത്താവിനെ വെല്ലുവിളിക്കുന്നു.

അങ്ങനെ ചാടിയാൽ കർത്താവിന് പരുക്കുകൾ ഒന്നും പറ്റുകയില്ല എന്ന്, നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കല്പിക്കും, നിന്റെ കാൽ കല്ലിൽ തട്ടി പോകാതിരിക്കേണ്ടതിന് അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും (സങ്കീർത്തനം 91:11-13) എന്ന തിരുവചനം സാത്താൻ ഉദ്ധരിച്ച് സമർത്ഥിക്കുമ്പോൾ "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" എന്നും കൂടെ എഴുതിയിരിക്കുന്നു എന്ന് പറഞ്ഞ് കർത്താവ് അവനെ വീണ്ടും തകർക്കുന്നു.

നമ്മുടെ ദൈനംദിന ജീവിതത്തിൽ, ഇടവകയിൽ, ആത്മീയയശുശ്രൂഷകളിൽ എല്ലാം, പ്രശസ്ഥിയുടെയും, പെരുമയുടെയും ഉന്നത ഗോപുരങ്ങൾ കയറുവാൻ നാം ശ്രമിക്കുമ്പോൾ, സാത്താൻ നമ്മിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് നാം പരിശോധിക്കാറുണ്ടോ? നമ്മെ ആകർഷിക്കുവാൻ അനുയോജ്യമായ തിരുവചന ശകലങ്ങൾ ഉദ്ധരിക്കുമ്പോൾ അന്യായവാദങ്ങളിൽ നാം വീണുപോകാറുണ്ടോ? ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ, കർത്താവു നമ്മെ ഉയർത്തുന്നതുവരെ കാത്തിരിക്കുവാൻ നാം പ്രാർത്ഥനയിൽ ആയിരിക്കാം.

സിസ്റ്റർ ജെയ്മി ബിജു കോതമംഗലം 010